**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4236 | 13.12.2018 ൽ മറുപടിക്ക്

**കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.ബി. സതീഷ് | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോട് ഖാദി ബോർഡിന്റെ ഉടമസ്ഥത യിലുള്ളതും കയ്യേറപ്പെട്ടതുമായ സ്ഥലം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഖാദി ബോർഡിന്റെ അധീനതയിൽ കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ആർ.ഡി.ഒ ശുപാർശ അനുസരിച്ച് സിവിൽ അന്യായം ഫയൽ ചെയ്ത് മാത്രമേ പരാമർശിത വസ്തു ഖാദി ബോർഡിന്റെ അധീനതയിൽ കൊണ്ടുവരുന്നതിന് കഴിയൂ. ഇത് സംബന്ധിച്ച നിയമപരമായ വശങ്ങൾ പരിശോധിച്ച് വരുന്നു. |
| (ബി) പ്രസ്തുത സ്ഥലത്ത് ബോർഡിന്റെ നിയന്ത്രണത്തിൽ കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ് എന്ന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വസ്തു ഖാദി ബോർഡിന്റെ പേരിൽ വന്നിട്ടില്ലാത്തതിനാൽ കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ് എന്ന പദ്ധതി സംബന്ധിച്ച് നിർദേശങ്ങൾ പരിഗണനയിലില്ല. സ്ഥലം പൂർണ്ണമായും ഖാദി ബോർഡിന് കീഴിൽ ലഭ്യമായാൽ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ